പെൻഷൻ നിരസിക്കേണ്ടിവരുന്ന അവസരങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസ്ഥയിൽ ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം

65 (4121) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 07/2009/തൊഴിൽ പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

ക്ഷേമനിധി ബോർഡുകളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി 28-5-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 712/2009/തൊഴിൽ പ്രകാരം ഡോ. എ. വി. ജോസ് അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ശാഖ ചെങ്ങന്നൂരിൽ സ്ഥാപിക്കാൻ നടപടി

66 (4122) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശാഖ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ശാഖ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബോർഡിൽ അംഗങ്ങളായ എത്ര പേർ ചെങ്ങന്നൂർ നിവാസികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോർഡിന്റെ അംഗങ്ങളായിട്ടുള്ളവർക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഒരു കളക്ഷൻ സെന്റർ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) 31-6-2010 തീയതി വരെ ചെങ്ങന്നൂർ നിവാസികളായിട്ടുള്ള 2391 തൊഴിലാളികൾ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

(ഡി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലെ അംഗ തൊഴിലാളികൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാണ്.

1. ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുമ്പോൾ ക്ഷേമനിധിയിൽ തൊഴിലാളി-തൊഴിലുടമാ വിഹിതമായി അടച്ച തുക പലിശ സഹിതം തിരികെ ലഭിക്കുന്നതാണ്.

2. 10 വർഷത്തിൽ കുറയാതെ ക്ഷേമനിധിയിൽ അംഗത്വമുള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ തൊഴിലാളികൾക്ക് പ്രതിമാസം 500 രൂപ മിനിമം പെൻഷനായി ലഭിക്കും; വാഹനങ്ങളുടെ ഇനം തിരിച്ച് വാർഷിക വർദ്ധനവും ലഭിക്കും.

3. ജോലി ചെയ്യാൻ കഴിയാത്ത തരത്തിൽ പൂർണ്ണമായി അവശതയനുഭവിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് ദൈർഘ്യം നോക്കാതെ മിനിമം 500 രൂപ ഡിസെബിലിറ്റി പെൻഷൻ ലഭിക്കും.

4. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ കുടുംബത്തിന് 25,000 രൂപയും അപകടത്തിൽ മരണപ്പെട്ടാൽ ഒരു ലക്ഷം രൂപയും ടിയാളുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി ലഭിക്കുന്നതാണ്.

5. മാരകമായ അസുഖം പിടിപെട്ടാൽ പരമാവധി 50,000 രൂപ വരെ ചികിൽസാ ധനസഹായം ലഭിക്കുന്നതാണ്.

6. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപ ധനസഹായം (2 കുട്ടികൾക്ക്) ലഭിക്കുന്നതാണ്.

7. വനിതകളായ മോട്ടോർ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3,000 രൂപ (രണ്ടു തവണ) ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. ഹൈസ്കൂൾതലം മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മോട്ടോർ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് 300 രൂപ മുതൽ 4,500 രൂപ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നുണ്ട്. കൂടാതെ, വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിക്ക് പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽരഹിതനായിരിക്കുമ്പോഴും വായ്പ നൽകാറുണ്ട്.

തോട്ടങ്ങളിലെ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റ് ക്ഷേമ പദ്ധതികളും

67 (4123) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാത്ത തോട്ടങ്ങളിലെ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റ് ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) ഈ ക്ഷേമനിധി നിയമം എന്ന് മുതലാണ് നിലവിൽ വന്നത് ;

(സി) ഇതിലേക്കുള്ള ക്ഷേമനിധി ബോർഡും ക്ഷേമനിധി ഫണ്ടും രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ ഇതിൽ എത്ര ചെറുകിട തോട്ടം തൊഴിലാളികളെ അംഗങ്ങളാക്കിയിട്ടുണ്ട് ;

(എഫ്) ബോർഡിന്റെ ആസ്ഥാനം എവിടെയാണ് ;

(ജി) ഇതനുസരിച്ച് ഉണ്ടാക്കിയ സ്കീമിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പരാമർശ ആനുകൂല്യങ്ങളും മറ്റു ക്ഷേമനടപടികളും അനുവദിക്കുന്നതിനായി 2008-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട് പാസ്സാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ പദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്ട് 2008 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly